"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - M/s Elstone Tea Estate Ltd ഫയൽ ചെയ്ത W.A. 229/2025 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 11.04.2025ലെ ഉത്തരവ് പ്രകാരം വയനാട് ജില്ലാ കളക്ടറുടെ CMDRF അക്കൗണ്ടിൽ നിന്ന് ഹൈക്കോടതി രജിസ്ട്രാറുടെ അക്കൗണ്ടിലേക്ക് 17,00,00,000/- (പതിനേഴ കോടി രൂപ മാത്രം) രൂപ നിക്ഷേപിച്ച വയനാട് ജില്ലാ കളക്ടറുടെ നടപടി **അംഗീകരിച്ചും** വയനാട് ജില്ലാ കളക്ടർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 17,00,00,000/- രൂപ (പതിനേഴ കോടി രൂപ മാത്രം) അനുവദിച്ച സർക്കാർ നടപടി **സാധൂകരിച്ചും —** ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്.-സി) വകുപ്പ്**

സ.ഉ.(കൈ) നം.132/2025/RD തീയതി,തിരുവനന്തപുരം, 16-05-2025

---

പരാമർശം:-

1. W.A. 229/2025 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 11.04.2025ലെ ഉത്തരവ്.
2. വയനാട് ജില്ലാകളക്ടറുടെ 11.04.2025-ലെ DCWYD/4940/2024-BM3(1) നമ്പർ കത്ത്.
3. 12.05.2025-ലെ സ.ഉ. (സാധാ) നം. 1135/2025/റവ. നംപർ ഉത്തരവ്

**ഉത്തരവ്**

M/s Elstone Tea Estate Ltd ഫയൽ ചെയ്ത W.A. 229/2025 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 11.04.2025ലെ ഉത്തരവ് പ്രകാരം വയനാട് ജില്ലാ കളക്ടറുടെ CMDRF അക്കൗണ്ടിൽ നിന്ന് ഹൈക്കോടതി രജിസ്ട്രാറുടെ അക്കൗണ്ടിലേക്ക് 17,00,00,000/- (പതിനേഴ കോടി രൂപ മാത്രം) രൂപ നിക്ഷേപിച്ച വയനാട് ജില്ലാ കളക്ടറുടെ നടപടി **അംഗീകരിച്ചും,** അടിയന്തര സാഹചര്യം കണക്കിലെടുത്ത് വയനാട് ജില്ലാ കളക്ടർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 17,00,00,000/- രൂപ (പതിനേഴ കോടി രൂപ മാത്രം) പരാമർശം (3) ഉത്തരവ് പ്രകാരം അനുവദിച്ച സർക്കാർ നടപടി **സാധൂകരിച്ചും** ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, വയനാട്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ് (15.05.2025-ലെ മന്ത്രിസഭായോഗ നടപടിക്കുറിപ്പ് ഇനം നം. 2954)
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Signed by
Rakesh Paul
Date: 17-05-2025 09:28:09
സെക്ഷൻ ഓഫീസർ.

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
റവന്യൂ (ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ്.-ബി) വകുപ്പുകൾക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - വയനാട് ജില്ലയിലെ ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസ പദ്ധതിയായ വയനാട് ടൗൺഷിപ്പ് നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 17 കോടി രൂപ റിലീസ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ.(സാധാ) നം.1135/2025/RD തീയതി,തിരുവനന്തപുരം, 12-05-2025

---

പരാമർശം:-
1. സ.ഉ. (സാധാ) നം. 679/2025/റവ, തീയതി, 21.03.2025.
2. WA No 229/2025 കേസിലെ ബഹു.ഹൈക്കോടതിയുടെ 11.4.2025ലെ ഉത്തരവ്
3. വയനാട് ജില്ലാ കളക്ടറുടെ 11.04.2025 തീയതിയിലെ DCWYD/49/40/2024/DM3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസ പദ്ധതിയായ വയനാട് ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് എൽസ്റ്റൺ എസ്റ്റേറ്റ് ഭൂമിയിലെ 64.4075 ഹെക്ടർ ഏറ്റെടുക്കുന്നതിനായി വയനാട് ജില്ലാ കളക്ടർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 26,56,10,769/- രൂപ പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു.

2. വയനാട് ജില്ലയിലെ ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി കൽപ്പറ്റ വില്ലേജ് ബ്ലോക്ക് നമ്പർ 19, സർവ്വെ നമ്പർ 88-ലെ വിവിധ സബ് ഡിവിഷനുകളിൽപ്പെട്ട 64.4705 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി നീക്കിയിരുപ്പിൽ നിന്നും 17,00,00,000/- (പതിനേഴ് കോടി രൂപ മാത്രം) രൂപ 11.42025ലെ ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം വയനാട് ജില്ലാ കളക്ടർ ബഹു. ഹൈക്കോടതി രജിസ്ട്രാർ വശം അധികമായി കെട്ടി വെച്ച സാഹചര്യത്തിൽ ടി തുക വീണ്ടെടുക്കുന്നതിന് വയനാട് ജില്ലാ കളക്ടറുടെ പേരിൽ വയനാട് ജില്ലാ ട്രഷറിയിൽ ഉള്ള TSB അക്കൗണ്ട് നമ്പറിലേക്ക് (TSB 718011400000046) പ്രസ്തുത തുക അനുവദിച്ചു നൽകണമെന്ന് വയനാട് ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ നിലവിൽ ബഹു. ഹൈക്കോടതി ഉത്തരവു പ്രകാരം കെട്ടിവച്ച 17,00,00,000/- (പതിനേഴ്കോടി രൂപ ) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വയനാട് ജില്ലാ കളക്ടറുടെ പേരിൽ വയനാട് ജില്ലാ ട്രഷറിയിൽ ഉള്ള TSB അക്കൗണ്ട് നമ്പറിലേക്ക് (TSB718011400000046) വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന തുകയായ 17,00,00,000/- രൂപ പതിനേഴ് കോടി രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാകളക്ടർ സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, വയനാട്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, വയനാട്(ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Rakesh Paul
Date: 13-05-2025 10:22:34
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ദുരന്ത നിവാരണ വകുപ്പ്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
റവന്യൂ (ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ്.-ബി) വകുപ്പുകൾക്ക്

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-05-2025

ഫയൽ നം. ഡി.ആർ.എഫ്.-സി1/83/2025/റവന്യൂ. ഇനം നം: 2954

വിഷയം : റവന്യൂ വകുപ്പ് - M/s.Elstone Tea Estate Ltd. ഫയൽ ചെയ്ത W.A.229/2025 നമ്പർ കേസിലെ ബഹു.ഹൈക്കോടതിയുടെ 11.04.2025-ലെ ഉത്തരവ് പ്രകാരം വയനാട് ജില്ലാ കളക്ടറുടെ CMDRF അക്കൗണ്ടിൽ നിന്ന് ഹൈക്കോടതി രജിസ്ട്രാറുടെ അക്കൗണ്ടിലേക്ക് 17,00,00,000/- രൂപ നിക്ഷേപിച്ച വയനാട് ജില്ലാ കളക്ടറുടെ നടപടി സാധൂകരിക്കുന്നതും സ.ഉ.(സാധാ)നം.1135/2025/റവ. തീയതി, 12.05.2025 ഉത്തരവ് പ്രകാരം വയനാട് ജില്ലാ കളക്ടർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 17,00,00,000/- രൂപ അനുവദിച്ച നടപടി സാധൂകരിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (1). അംഗീകരിച്ചു.
(2). സാധൂകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

2954

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി.ആർ.എഫ്.-സി1/83/2025/റവന്യൂ |
| 2 | വകുപ്പ് | : | റവന്യൂ (ഡി.ആർ.എഫ്.-സി ) വകുപ്പ്. |
| 3 | വിഷയം | : | റവന്യൂ വകുപ്പ് - . M/s Elstone Tea Estate Ltd ഫയല്?ചെയ്ത W.A. 229/2025 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 11.04.2025 ലെ ഉത്തരവ് പ്രകാരം വയനാട് ജില്ലാ കളക്ടറുടെ CMDRF അക്കൗണ്ടിൽ നിന്ന് ഹൈക്കോടതി രജിസ്ട്രാറുടെ അക്കൗണ്ടിലേക്ക് 17,00,00,000/- രൂപ നിക്ഷേപിച്ച വയനാട് ജില്ലാ കളക്ടറുടെ നടപടി സാധൂകരിക്കുന്നതും സ.ഉ. (സാധാ) നം. 1135/2025/റവ, തീയതി, 12.05.2025 ഉത്തരവ് പ്രകാരം വയനാട് ജില്ലാ കളക്ടർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 17,00,00,000/- രൂപ അനുവദിച്ച നടപടി സാധൂകരിക്കുന്നതും - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിയ്ക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12.05.2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | Yes |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | No |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | No |
| 7 | കരട് കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ജയശ്രീ. റ്റി.കെ. |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.05.2025 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.05.2025 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 14.05.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 14.05.2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വയനാട് ജില്ലയിലെ ഉരുൾപൊട്ടൽ ദുരന്തബാധിതർക്കുള്ള പുനരധിവാസ പദ്ധതിയായ വയനാട് ടൗൺഷിപ്പ് നിർമ്മിക്കുന്നതിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി 11.4.2025 ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം വയനാട് ജില്ലാ കളക്ടറുടെ CMDRF അക്കൗണ്ടിലുള്ള, വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ച തുകയുടെ നീക്കിയിരുപ്പിൽ നിന്നും 17,00,00,000/- (പതിനേഴ് കോടി രൂപ മാത്രം) രൂപ ബഹു. ഹൈക്കോടതി രജിസ്ട്രാർ വശം അധികമായി കെട്ടി വെച്ച വയനാട് ജില്ലാകളക്ടറുടെ നടപടി സാധൂകരിക്കുന്നതിനും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 17,00,00,000/- രൂപ (പതിനേഴ് കോടി രൂപ മാത്രം) 12.05.2025 തീയതിയിലെ സ.ഉ. (സാധാ) നം. 1135/2025/റവ. ഉത്തരവ് പ്രകാരം വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ച നടപടിയും സാധൂകരിക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ കുറിപ്പ്.

2. വയനാട് ജില്ലയിലെ ഉരുൾപൊട്ടലിൽ ദുരന്തബാധിതരായവരുടെ പുനരധിവാസ പദ്ധതിക്കായി വയനാട് ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് എൽസ്റ്റൺ എസ്റ്റേറ്റ് ഭൂമിയിലെ 64.4075 ഹെക്ടർ ഏറ്റെടുക്കുന്നതിനായി വയനാട് ജില്ലാ കളക്ടർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സ.ഉ. (സാധാ) നം. 679/2025/റവ തീയതി, 21.03.2025 ഉത്തരവ് പ്രകാരം 26,56,10,769/- രൂപ അനുവദിച്ചിരുന്നു.

3. ദുരന്ത ബാധിതർക്കുള്ള വാടകയുൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വയനാട് ജില്ലാകളക്ടർക്ക് അനുവദിച്ച തുകയുടെ നീക്കിയിരുപ്പിൽ നിന്നും, M/s Elstone Tea Estate Ltd ഫയൽ ചെയ്ത W.A. 229/2025 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 11.04.2025 ലെ ഉത്തരവ് പ്രകാരം വയനാട് ജില്ലാ കളക്ടർ ബഹു. ഹൈക്കോടതി രജിസ്ട്രാർ വശം 17,00,00,000/- (പതിനേഴ് കോടി രൂപ മാത്രം) രൂപ അധികമായി കെട്ടി വെച്ചിരുന്നു. വയനാട് ദുരന്ത ബാധിതർക്കുള്ള വാടകയുൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വയനാട്

ജില്ലാകളക്ടർക്ക് അനുവദിച്ച തുകയുടെ നീക്കിയിരുപ്പിൽ നിന്നും ആണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത്.

4. ദുരന്ത ബാധിതർക്കുള്ള വാടകയുൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വയനാട് ജില്ലാകളക്ടർക്ക് അനുവദിച്ച തുകയുടെ നീക്കിയിരുപ്പിൽ നിന്നും സർക്കാരിന്റെ അനുമതി കൂടാതെ 17,00,00,000/- (പതിനേഴ് കോടി രൂപ മാത്രം) രൂപ ബഹു. ഹൈക്കോടതി രജിസ്ട്രാർ വശം അധികമായി കെട്ടി വെച്ച നടപടി സാധൂകരിക്കണമെന്നും ദുരിതാശ്വാസ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് പ്രസ്തുത തുക അടിയന്തിരമായി വയനാട് ജില്ലാകളക്ടറുടെ CMDRF അക്കൗണ്ടിലേക്ക് അനുവദിക്കണമെന്നും വയനാട് ജില്ലാകളക്ടർ ആവശ്യപ്പെട്ടുകയുണ്ടായി. ആയതിൻ പ്രകാരം സ.ഉ. (സാധാ) നം. 1135/2025/റവ, തീയതി, 12.05.2025 പ്രകാരം സുഗമമായ പുനരധിവാസ പ്രവർത്തനങ്ങൾക്കു വേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 17,00,00,000/- രൂപ വയനാട് ജില്ലാ കളക്ടറുടെ CMDRF അക്കൗണ്ടിലേക്ക് അനുവദിച്ച് ഉത്തരവാകുകയുണ്ടായി.

5. പ്രസ്തുത തുകയായ 17 കോടി രൂപ CMDRF ൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് ഫയൽ ബഹു മുഖ്യമന്ത്രിക്ക് ചക്രമണം ചെയ്തപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

6. വയനാട് പുനരധിവാസ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ അടിയന്തര സാഹചര്യം കണക്കിലെടുത്ത് സ.ഉ. (സാധാ) നം. 1135/2025/റവ., തീയതി, 12.05.2025 ഉത്തരവ് പ്രകാരം പ്രസ്തുത തുക വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്

# തീരുമാനമെടുക്കേണ്ട കാര്യം

1. M/s Elstone Tea Estate Ltd ഫയൽ ചെയ്ത W.A. 229/2025 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 11.04.2025 ലെ ഉത്തരവ് പ്രകാരം വയനാട് ജില്ലാ കളക്ടറുടെ CMDRF അക്കൗണ്ടിൽ നിന്ന് ഹൈക്കോടതി രജിസ്ട്രാറുടെ അക്കൗണ്ടിലേക്ക് 17,00,00,000/- (പതിനേഴ് കോടി രൂപ മാത്രം) നിക്ഷേപിച്ച വയനാട് ജില്ലാ കളക്ടറുടെ നടപടി സാധൂകരിക്കാമോ?

2. സ.ഉ. (സാധാ) നം. 1135/2025/റവ, തീയതി, 12.05.2025 ഉത്തരവ് (അനുബന്ധം) പ്രകാരം വയനാട് ജില്ലാ കളക്ടർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 17,00,00,000/- രൂപ (പതിനേഴ് കോടി രൂപ മാത്രം) അനുവദിച്ച സർക്കാർ നടപടി സാധൂകരിക്കാമോ?